# PRAYER BOOK

SISTERS OF THE DESTITUTE

*Compiled by*

**Rt. Rev. Mgr. G. Valliarumpeth**

DIRECTOR,

**SISTERS OF THE DESTITUTE**

Archdiocese, Ernakulam

Printed at the

Mar Louis Memorial Press, Ernakulam-1

CHRISTIAN MUSICOLOGICAL SOCIETY OF INDIA

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# വിഷയാനുക്രമം


| | വിഷയം | പക്കം |
|---|---|---|
| 1. | പ്രാരംഭസ്തുതി | 1 |
| 2. | പുലർകാലജപം | 1 |
| | ആകാശങ്ങളിലിരിക്കുന്ന ജപം | 2 |
| | നന്മനിറഞ്ഞ മറിയം | 5 |
| | ബെർണ്ണാർദ്ദ പുണ്യവാന്റെ ജപം | 6 |
| | ത്രിത്വസ്തുതി | 7 |
| 3. | രാത്രിജപം | 7 |
| 4. | പറഞ്ഞൊപ്പുവാചകം | 9 |
| 5. | വിശ്വാസത്തിന്റെ പ്രകരണം | 10 |
| 6. | ശരണത്തിന്റെ പ്രകരണം | 10 |
| 7. | ഉപവിയുടെ പ്രകരണം | 11 |
| 8. | ത്രികാലജപം | 11 |
| 9. | വി. ബലിയിൽ പങ്കുകൊള്ളേണ്ട വിധം | 15 |
| 10. | ദിവ്യകാരുണ്യസ്വീകരണത്തിനു ഒരുക്കം | 17 |
| | ഞാൻ പിഴയാളി | 20 |
| 11. | ഉപകാരസ്മരണ | 21 |
| 12. | തിരുഹൃദയ ജപമാല | 25 |
| 13. | ക്രൂശിതരൂപത്തിൻമുമ്പാകെ ജപം | 27 |
| 14. | ക്രിസ്തുരാജനോടു ജപം | 28 |
| 15. | വി. കു. വാഴ്വിനുശേഷം ജപം | 29 |
| 16. | എളിമയുടെ ലുത്തിനിയ | 29 |
| 17. | സ്നേഹസ്പന്ദനങ്ങൾ | 31 |
| 18. | ഉല്ലാസം തുടങ്ങുമ്പോൾ | 33 |
| 19. | ധ്യാനത്തിനും മററും മുമ്പു ജപം | 33 |
| | ധ്യാനാവസാനം | 35 |
| 20. | രാത്രിആരാധന | 35 |


christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA


| | | |
|---|---|---|
| 21. | തിരുഹൃദയ ലുത്തിനിയ | 36 |
| 22. | തിരുഹൃദയത്തിൻ സഭയുടെ പ്രതിഷ്ഠ | 41 |
| 23. | ഈശോയുടെ തിരു. പ്രതിഷ്ഠാജപം | 47 |
| 24. | പരിഹാരജപം | 49 |
| 25. | ഒമ്പതു ഓഫീസുകൾ | 56 |
| 26. | ഈ. തിരുഹൃദയ നവനാൾ | 80 |
| 27. | ,, നവനാൾ | 82 |
| 28. | ഉണ്ണിക്കൊന്ത | 85 |
| 29. | പിറവിക്ക് ഒരുക്കം | 85 |
| 30. | ഭക്ഷണത്തിന മുമ്പും പിമ്പുമുള്ള ജപങ്ങൾ | 86 |
| 31. | വിസീത്ത | 87 |
| 32. | പഠനത്തിൻ മുമ്പുള്ള വിസീത്ത | 87 |
| 33. | യാത്രയ്ക്കു മുമ്പുള്ള വിസീത്ത | 88 |
| 34. | വൈദികർക്കായുള്ള പ്രാർത്ഥന | 88 |
| 35. | പാപികൾക്കായുള്ള പ്രാർത്ഥന | 89 |
| 36. | സ്ലീവാപാത | 90 |
| 37. | ആത്മശോധന | 105 |
| | തേററത്തിന്റെ പ്രകാരം | 116 |
| | കുമ്പസാരത്തിനൊരുക്കം | |
| 38. | ആണ്ടാരംഭപ്രാർത്ഥന | 123 |
| 39 | ആണ്ടവസാന ദൈവസ്തോത്രം | 127 |
| 40. | അമ്പത്തുമൂന്നുമണി ജപം | 131 |
| 41. | മാർ യൗസേപ്പു പുണ്യവാനോടു ജപം | 145 |
| 42. | വ്യാകുലകൊന്ത | 147 |
| 43. | വ്യാകുലമാതാവിന്റെ ലുത്തിനിയ | 154 |
| 44. | സഭയ്ക്കുവേണ്ടിയുള്ള ജപം | 158 |
| 45. | വിമലഹൃദയത്തിൻ പ്രതിഷ്ഠാജപം | 160 |
| 46. | അമലോത്ഭവ മാതാവിന്റെ ജപമാല | 161 |
| 47 | " " ചെറിയ ഓഫീസ് | 162 |


christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# പ്രാർത്ഥനപ്പുസ്തകം

## പ്രാരംഭസ്തുതി

### ഉണർത്തുമണി കേൾക്കുമ്പോൾ

മ: കർത്താവിനെ നമുക്കു സ്തുതിക്കാം

സ: ദൈവത്തിനു സ്തുതിയായിരിക്കട്ടെ

## പുലർകാലജപം

ശുദ്ധമാന സ്ലീവായുടെ, അടയാളത്താലെ, ഞങ്ങളുടെ ശത്രുക്കളിൽനിന്നു ഞങ്ങളെ രക്ഷിക്ക, ഞങ്ങളുടെ തമ്പുരാനെ, ബാവായുടേയും, പുത്രന്റേയും, റൂഹാദക്കുദശായുടേയും നാമത്താലെ ആമ്മേൻ.

ബാവായും പുത്രനും റൂഹാദക്കുദശായുമായ ത്രിത്വൈക സർവ്വേശ്വരാ, നിന്നെ ഞാൻ വണങ്ങി നമസ്കരിക്കുന്നു. കർത്താവേ, നിന്റെ തിരുവചനങ്ങളൊക്കെയും പൂർണ്ണമനസ്സോടുകൂടെ വിശ്വസിച്ച് ശരണപ്പെട്ടുകൊണ്ടു എല്ലാ വസ്തുക്കളെക്കാളും നിന്നെ ഞാൻ സ്നേഹിക്കുന്നു. നീ എ

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിക്കു ചെയ്ത സകല ഉപകാരങ്ങളെപ്രതിയും പ്രത്യേകം ഈ നാൾവരെ എന്നെ ജീവിപ്പിച്ചു പരിപാലിച്ചുവന്നതുകൊണ്ടും ഇടവിടാതെ നിന്നെ ഞാൻ സ്തുതിച്ചു കൊണ്ടാടുന്നു. ഇന്നേദിവസം നിന്റെ പ്രമാണത്തിനു യാതൊരു വിഘ്നവും വരുത്താതെ വ്യാപരിക്കുന്നുണ്ടെന്നു എന്റെ മനസ്സിൽ പൂർണ്ണമായി ഉറച്ചിരിക്കുന്നു; ആയതുകൊണ്ടു് എന്റെ നിരൂപണ, വചനം, പ്രവൃത്തി, ആത്മശരീരങ്ങൾ സകലത്തേയും നിന്റെ പ്രമാണങ്ങൾക്കൊത്തവണ്ണം നടത്തിക്കൊള്ളുവാൻ നിന്റെ പക്കൽതന്നെ എന്നെ ഞാൻ കൈയാളിച്ചിരിക്കുന്നു. ഇതുമെന്യേ ഞാൻ ചെയ്യാനിരിക്കുന്ന സകല നന്മപ്രവൃത്തികളും മിശിഹാകർത്താവിന്റെ പുണ്യയോഗ്യതകളോടുകൂടെ നീ കൈക്കൊണ്ടുകൊള്ളണമെ. ഇവകളാലുണ്ടാകുന്ന പരിപൂർണ്ണഫലം ഞാൻ അനുഭവിച്ചു് ആയതുകൊണ്ടു് എന്റെ സകല പാപങ്ങൾക്കും പൊറുതി കിട്ടുമെന്നു ഞാൻ ശരണപ്പെടുന്നു. കർത്താവേ, നിന്റെ അന്തമില്ലാത്ത കാരുണ്യത്താൽ എന്നെ രക്ഷിച്ചുകൊള്ളേണമെ. 1. ആ.

## ആകാശങ്ങളിലിരിക്കുന്ന നമസ്കാരം

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ, നിന്തിരുനാമം ശുദ്ധമാകപ്പെടണം, നിന്റെ

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

രാജ്യം വരണം, നിന്റെ തിരുമനസ്സ് ആകാശത്തിലെപ്പോലെ ഭൂമിയിലുമാകണം; ഞങ്ങളുടെ അന്നന്നെയപ്പം ഇന്ന ഞങ്ങൾക്കുതരിക. ഞങ്ങളുടെ കടക്കാരോട്ടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്കണ, ഞങ്ങളെ പരീക്ഷയിൽ പൂകിക്കല്ലെ, വിശേഷിച്ചു തിന്മയിൽനിന്ന ഞങ്ങളെ രക്ഷിച്ചുകൊള്ളെണമെ. ആമ്മേൻ.

എന്നെ കാക്കുന്ന കൎത്താവിന്റെ മാലാഖേ, ദൈവത്തിന്റെ കൃപയാൽ നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന എന്നെ ഈ ദിവസത്തിലും കാത്തുപരിപാലിച്ചു എന്റെ മരണനേരത്തിലും എനിക്കു സഹായമായിരിക്കേണമെ.

എന്റെ പേരിന്ന കാരണമായിരിക്കുന്ന പുണ്യവാനെ, ശുദ്ധ: മാർതോമ്മാ ശ്ലീഹായെ, സകല മോക്ഷവാസികളേ. ദൈവത്തിൽനിന്ന കൃപ ലഭിപ്പാനായി എനിക്കുവേണ്ടി പ്രാൎത്ഥിക്കണമെ.

ഈശോ മറിയം യൗസേപ്പെ, നിങ്ങളുടെ സങ്കേതത്തിൽ എന്നെ ഞാൻ ഏല്പിച്ചിരിക്കുന്നു.

എന്റെ ഈശോയുടെ സ്നേഹാഗ്നി എരിയുന്ന തിരുഹൃദയമേ, ശുദ്ധമാന കന്യാസ്ത്രീമറിയത്തിന്റെ പരിശുദ്ധ അമലോത്ഭവഹൃദയത്തോടു ഞാനും ചേൎന്നുകൊണ്ടു നീ ഞങ്ങളുടെ പീഠ

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

നിരൂപണ, വചനം, പ്രവൃത്തികളാലേയും മടി ഉപേക്ഷകളാലേയും എന്റെ നല്ല തമ്പുരാനോട് മറുത്തു പിഴപ്പാൻ നീ ഒരുനാളും അനുവദിക്കല്ലേ. വിശേഷിച്ച് മനോഗുണവും മധുരവും പ്രിയവും നിറയപ്പെട്ട മറിയമേ, ഞാൻ എന്റെ മുഴുഹൃദയത്തോടുകൂടെ നിരന്തരമായി തമ്പുരാനെ സ്നേഹിപ്പാനും നിന്നെ എല്ലായ്പ്പോഴും സ്തുതിച്ചുകൊണ്ടാടുവാനും എനിക്കു മനോഗുണം ചെയ്യുന്നമെ.

( നന്മനിറഞ്ഞമറിയവും താഴെ കാണുന്ന സുകൃതജപവും ഇടവിട്ടു മൂന്നു പ്രാവശ്യം )

## നന്മനിറഞ്ഞമറിയം എന്ന നമസ്കാരം

നന്മനിറഞ്ഞ മറിയമേ, നിനക്കു സ്വസ്തി. കർത്താവു നിന്നോടുകൂടെ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ. നിന്റെ വയററിൻഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു; ശുദ്ധമാന മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളേണമെ.

ആമ്മേൻ.

മറിയമേ, നിന്റെ പരിശുദ്ധ അമലോത്ഭവത്തെക്കുറിച്ചു എന്റെ ആത്മാവിനേയും ശരീര

christianmusicologicalsocietyofindia.com